**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 428** **02-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പ്രതീക്ഷിത വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എ. രാജ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ തുടരുന്ന നിഷേധാത്മക നിലപാട് മൂലം നടപ്പ് സാമ്പത്തികവർഷം സംസ്ഥാനത്തിന്റെ പ്രതീക്ഷിത വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടോ; അടുത്ത വർഷങ്ങളിലും വരുമാനത്തിൽ കുറവ് പ്രതീക്ഷിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.<br><br>സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ വിവിധ കേന്ദ്രപദ്ധതികൾക്കായി ഗ്രാന്റിനത്തിൽ സംസ്ഥാന സഞ്ചിതനിധിയിൽ ലഭ്യമായത് 5455.10 കോടി രൂപ ആയിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3990.45 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതിനു പുറമേ, 2023-24 ന് ശേഷം |

റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുന്നതും ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിപ്പിച്ചതും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ച നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടു വരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചു കൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകം തന്നെ നിർത്തലാക്കിയിട്ടുമുണ്ട്.

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണ് എന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം ഈ സ്ഥാപനങ്ങൾ എടുത്ത വായ്പ നാലു തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം തന്നെ കൈക്കൊണ്ടിട്ടുണ്ട്. ഈ നിലപാടിനോട് സംസ്ഥാന സർക്കാരിനുള്ള ശക്തമായ വിജോജിപ്പ് കേന്ദ്ര സർക്കാരിനെ പല തവണ അറിയിച്ചിട്ടുണ്ട്. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് 22.07.2022-ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. മേൽവിഷയത്തിൽ ഒരു അനുകൂല തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre -Budget Meeting) 25.11.2022-ലെ യോഗത്തിൽ ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത നിലപാടിൽ കേന്ദ്ര സർക്കാർ ഒരു മാറ്റവും വരുത്തിയിട്ടില്ല.

| | | | |
|---|---|---|---|
| | | | കൂടാതെ, സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടണമെന്നും, ഭരണഘടനാ വ്യവസ്ഥകളിൽ നിന്നുള്ള വ്യതിയാനങ്ങളും സുപ്രധാന കേന്ദ്ര- സംസ്ഥാന സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ 19-01-2023 ലെ 133/CM/2023 നമ്പർ കത്ത് പ്രകാരം ബഹു. പ്രധാനമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിട്ടുമുണ്ട്.<br><br>ധനകാര്യ കമ്മീഷൻ നിശ്ചയിച്ച് നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ, ബജറ്റ് പാസാക്കിയതിന് ശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും. |
| (ബി) | സംസ്ഥാനത്തിന് അർഹതപ്പെട്ട റവന്യൂ കമ്മിഗ്രാന്റ്, ജി.എസ്.ടി. നഷ്ടപരിഹാരം, എന്നിവ നിഷേധിച്ചതും സംസ്ഥാനത്തിന്റെ വായ്പാപരിധി വെട്ടിക്കുറച്ചതും പ്രളയം, കോവിഡ് എന്നിവയ്ക്ക് ശേഷം തിരിച്ചുവരുന്ന സംസ്ഥാന സമ്പദ് വ്യവസ്ഥയെ ഏതെല്ലാം രീതിയിൽ ബാധിക്കും; വിശദാംശം നൽകുമോ? | (ബി) | കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.<br><br>സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ |

വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ വിവിധ കേന്ദ്രപദ്ധതികൾക്കായി ഗ്രാന്റിനത്തിൽ സംസ്ഥാന സഞ്ചിതനിധിയിൽ ലഭ്യമായത് 5455.10 കോടി രൂപ ആയിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3990.45 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതിനു പുറമേ, 2023-24 ന് ശേഷം റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുന്നതും ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിപ്പിച്ചതും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ച നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടു വരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചു കൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകം തന്നെ നിർത്തലാക്കിയിട്ടുമുണ്ട്.

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണ് എന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം ഈ സ്ഥാപനങ്ങൾ എടുത്ത വായ്പ നാലു തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം തന്നെ കൈക്കൊണ്ടിട്ടുണ്ട്. ഈ നിലപാടിനോട് സംസ്ഥാന സർക്കാരിനുള്ള ശക്തമായ വിജോജിപ്പ് കേന്ദ്ര സർക്കാരിനെ പല തവണ അറിയിച്ചിട്ടുണ്ട്. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് 22.07.2022-ലെ 134/2022/എം.ധന കത്ത് പ്രകാരം

| | | | |
|---|---|---|---|
| | | | സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. മേൽവിഷയത്തിൽ ഒരു അനുകൂല തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre -Budget Meeting) 25.11.2022-ലെ യോഗത്തിൽ ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത നിലപാടിൽ കേന്ദ്ര സർക്കാർ ഒരു മാറ്റവും വരുത്തിയിട്ടില്ല.<br><br>കൂടാതെ, സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടണമെന്നും, ഭരണഘടനാ വ്യവസ്ഥകളിൽ നിന്നുള്ള വ്യതിയാനങ്ങളും സുപ്രധാന കേന്ദ്ര- സംസ്ഥാന സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ 19-01-2023 ലെ 133/CM/2023 നമ്പർ കത്ത് പ്രകാരം ബഹു. പ്രധാനമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിട്ടുമുണ്ട്.<br><br>ധനകാര്യ കമ്മീഷൻ നിശ്ചയിച്ച് നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ, ബജറ്റ് പാസാക്കിയതിന് ശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ